# സിഹ്റിന്റെ ഇനങ്ങൾ

കബ്വീസ്വ ഇബ്നു ക്വബയ്സ്വﷺ തന്റെ പിതാവിൽനിന്നും നിവേദനം ചെയ്യുന്നു:

أنه سمع النبي ﷺ قال: «إنّ العيافة، والطّرْق، والطيرة من الجبت».

''നിശ്ചയം, നബിﷺ പറയുന്നത് അദ്ദേഹം കേട്ടു: ''തീർച്ചയായും, 'ഇയാഫത്തും', 'ത്വർക്വും', ശകുനം നോക്കലും 'ജിബ്ത്തി' ൽപ്പെട്ടതാണ്.'' ഔഫ് പറഞ്ഞു: 'ഇയാഫത്ത്' പക്ഷിയെ പറത്തി (ലക്ഷണം നോക്കലാണ്. 'ത്വർക്വ്' ഭൂമിയിൽ കളംവരച്ച് (പ്രശ്നം വെക്കലാണ്). 'ജിബ്ത്ത്' പിശാചിന്റെ ശബ്ദവുമാണ്.'' (ഇമാം അഹ്മദ് 'ജയ്യിദ്'ആയ സനദോടെ ഉദ്ദരിച്ചത്. ഇതിലെ ഹദീഥ് അബൂദാവൂദും നസാഇയും ഇബ്നു ഹിബ്ബാനും റിപ്പോർട്ട് ചെയ്തിട്ടുണ്ട്.) [1]

ഇബ്നു അബ്ബാസിൽﷺവിൽനിന്നും നിവേദനം: അല്ലാഹുവിന്റെ റസൂൽﷺ പറഞ്ഞു:

«مَنِ اقْتَبَسَ شُعْبَةً مِنَ النُّجُومِ، فقد اقْتَبَسَ شُعْبَةً مِنَ السِّحْرِ زَادَ مَا زَادَ».

''ആരെങ്കിലും ജ്യോതിഷ ശാഖകളിൽനിന്ന് വല്ലതും അഭ്യസിച്ചാൽ അയാൾ സിഹ്റിൽ നിന്നും ഒരു ഭാഗമാണ് അഭ്യസിച്ചെടുക്കുന്നത്. (ജ്യോതിഷം) അഭ്യസിച്ചെടുക്കുന്നത് വർദ്ധിക്കുന്നതനുസ്സരിച്ച് ഇതും (മാരണം ചെയ്തതിനുള്ള പാപവും) വർദ്ധിക്കുന്നതാണ്.'' [2]

അബൂഹുറയ്റﷺവിൽനിന്നും നിവേദനം: അല്ലാഹുവിന്റെ റസൂൽﷺ പറഞ്ഞു:

---

[1] അൽബാനി ഹദീഥിനെ 'ദ്വഈഫ് ' ആക്കിയിട്ടുണ്ട്. 'ഗായത്തുൽമറാം' 301 നോക്കുക.

[2] സുനനു അബീദാവൂദ്. ഇമാം നവവിയും ഇമാം ദഹബിയും അൽബാനിയും ഈ ഹദീഥിനെ 'സ്വഹീഹാ'ക്കിയിട്ടുണ്ട്.

« مَنْ عَقَدَ عُقْدَةً ثُمّ نَفَثَ فِيهَا فَقَدْ سَحَرَ، وَمَنْ سَحَرَ فَقَدْ أَشْرَكَ، وَمَنْ تَعَلّقَ شَيْئاً وُكِلَ إِلَيْهِ»

''വല്ലവനും കെട്ടുണ്ടാക്കി അതിൽ ഊതിയാൽ അവൻ സിഹ്റ് ചെയ്തു. ആര് സിഹ്ർ ചെയ്തുവോ, അവൻ ശിർക്ക് ചെയ്തു. ആരെങ്കിലും വല്ലതും കെട്ടിയാൽ അതിലേക്ക് അവൻ ഏല്പ്പിക്കപ്പെടും.'' [1]

ഇബ്നു മസ്ഊദ്ﷺവിൽനിന്നു നിവേദനം: അല്ലാഹുവിന്റെ റസൂൽﷺ പറഞ്ഞു:

«أَلاَ هَلْ أُنَبّئُكُمْ مَا الْعَضْهُ؟ هِيَ النّمِيمَةُ الْقَالَةُ بَيْنَ النّاسِ»

'' 'അദ്ഹു' എന്തെന്ന് ഞാൻ നിങ്ങൾക്ക് ഉണർത്തിതരട്ടെ. അതത്രെ ഏഷണി. അഥവാ ജനങ്ങൾക്കിടയിൽ (തർക്കമുണ്ടാക്കുവാൻ) പറഞ്ഞ് നടക്കുന്ന വർത്തമാനം.''(മുസ്ലിം)

ഇബ്നു ഉമർﷺവിൽനിന്നു നിവേദനം: അല്ലാഹുവിന്റെ റസൂൽﷺ പറഞ്ഞു:

«إِنّ من الْبَيَانِ لسِحْراً».

''നിശ്ചയം സാഹിത്യത്തിൽ സിഹ്റുണ്ട്. തീർച്ച.''(ബുഖാരി)

**ഈ അദ്ധ്യായം ഉൾക്കൊണ്ട വിഷയങ്ങൾ:**

- 'ഇയാഫത്ത്', 'ത്വർക്', 'ത്വീറത്ത്' എന്നിവ 'ജിബ്ത്തി'ൽപ്പെട്ടതാണ്.
- 'ഇയാഫത്ത്', 'ത്വർക്', 'ത്വീറത്ത്' എന്നിവയുടെ വിവരണം.
- ജ്യോതിഷം 'സിഹ്റി'ന്റെ ഇനങ്ങളിൽപ്പെട്ടതാണ്.
- കെട്ടുകളിൽ ഊതി മന്ത്രിക്കൽ 'സിഹ്റി'ൽപ്പെട്ടതാണ്.

[1] സുനനുനസാഇ. ഈ ഹദീഥിന്റെ സനദ് 'ദ്വഈഫ് ' ആകുന്നു. അൽബാനിയുടെ 'ഗായത്തുൽമറാം' 175 നോക്കുക.

- ഏഷണിയും 'സിഹ്റി'ൽപ്പെട്ടതാണ്.
- ചില സാഹിത്യ പ്രയോഗങ്ങൾ 'സിഹ്റി'ൽ പെട്ടതാണ്.

**ശൈഖ് മുഹമ്മദ് ഇബ്നു അബ്ദിൽ വഹ്ഹാബ് (റഹിമഹുല്ല)യുടെ കിതാബുത്തൗഹീദിൽ നിന്ന്**

**വിവർത്തനം**
**അബ്ദുൽ ജബ്ബാർ അബ്ദുല്ല**